കേരള നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 22, വ്യാഴം

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 25

നിയമസഭ 1979 മാർച്ച് 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

സെൻട്രലൈസ്ഡ് വാലോഷൻ നടക്കുന്നതിനിടയിൽ വരുന്ന പൊതു ഒഴിവു ദിവസങ്ങൾ

* 575 [611] ശ്രീ. കല്ലട നാരായണൻ:
,, എസ്. തങ്കപ്പൻപിള്ള:
,, ഈപ്പൻ കണ്ടക്കുടി:
,, കെ. ജെ. ചാക്കോ:
ഡോ. ജോർജ് മാത്യു:
ശ്രീ. ഒ. ലൂക്കോസ്:
,, എൻ. ഐ. ദേവസ്സിക്കുട്ടി:
ഡോ. കെ. സി. ജോസഫ്:

ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979 മാർച്ചിൽ നടക്കുന്ന എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് സെൻട്രലൈസ്ഡ് വാലോഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) വാലോഷനിടയിൽ വരുന്ന പൊതു ഒഴിവു ദിവസങ്ങളിൽ പരീക്ഷകർക്ക് ജോലിയിൽ നിന്ന് ഒഴിവില്ല എന്ന് നിബന്ധനയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വർഷം വാലേപഷൻ കാലയളവിൽ ക്രിസ്ത്യാനികൾക്ക് പ്രധാനപ്പെട്ട പെസഹാ വ്യാഴാഴ്ച, ദു:ഖ വെള്ളിയാഴ്ച, ഉയർപ്പ് ഞായറാഴ്ച എന്നീ ദിവസങ്ങളും വരുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) വാലേപഷനു നിയമിക്കപ്പെടുന്ന ക്രിസ്ത്യാനികളായ പരീക്ഷകരെ ഈ ദിവസങ്ങളിൽ ഈ ജോലിയിൽനിന്ന് ഒഴിവാക്കുകയും പകരം മറെറാരു ദിവസം പ്രവൃത്തി എടുക്കാനുള്ള അനുവാദം നൽകുകയും ചെയ്യാനായി നിർദ്ദേശം നൽകുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) 13, 14, 15 തീയതികളിൽ ഒഴിവാണ്.

(സി) ഉണ്ട്.

(ഡി) വിശേഷദിവസങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ദു:ഖ വെള്ളിയാഴ്ചയും, ഹോളിസാറർഡേയും, ഉയിർപ്പു ഞായറാഴ്ചയും വിഷുവും അവധി കൊടുക്കുവാൻ എർപ്പാടു ചെയ്തിട്ടുണ്ട്.

ശ്രീ. കല്ലടനാരായണൻ: സെൻട്രലൈസ്ഡ് വാലേപഷൻ സ്കീം നടപ്പിലാക്കിയശേഷം എന്നാണ് ഈ വർഷത്തെ പ്രവർത്തനം ആരംഭിക്കുന്നത്, എത്ര ദിവസം തുടരും എന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ക്യാമ്പ് തുടങ്ങുന്നത് ഏപ്രിൽ 5-നാണ്. ഏപ്രിൽ 13, 14, 15 തീയതികളും അവധിയാണ്. ഏപ്രിൽ 20 വരെ നീണ്ടുനിൽക്കും.

ശ്രീ. കല്ലടനാരായണൻ: ക്രൈസ്തവസമുദായത്തിനു പ്രധാനപ്പെട്ട ദിവസമാണ് ഞായറാഴ്ച. ആ ദിവസം അവർക്കു പള്ളിയിൽ പോകണമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞായറാഴ്ച ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവർക്കു പ്രാർത്ഥനക്കു പോകാനുള്ള എർപ്പാടുകളും ചെയ്തിട്ടുണ്ട്. അദ്ധ്യാപക സംഘടനകളോടു ചോദിച്ച് അവരുമായി ഒരു ധാരണയും ഉണ്ടായിരുന്നു.

ശ്രീ. എസ്. തങ്കപ്പൻപിള്ള: ഈ മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് എത്ര സെൻട്രലൈസ്ഡ് വാലേപഷൻ സെൻറഴ്സ് ഈ സംസ്ഥാനത്തുണ്ടെന്നും ഓരോ കേന്ദ്രത്തിലും എത്ര അസിസ്റൻറ് എക്സാമിനേഴ്സും എത്ര ചീഫ് എക്സാമിനേഴ്സും ഉണ്ടെന്നു വ്യക്തമാക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനു നോട്ടീസ് വേണം.

ശ്രീ. എസ്. തങ്കപ്പൻപിള്ള: ഈ പേപ്പർവാലേപഷനു മുൻപുള്ളതിനേക്കാൾ എത്രയാണ് ഫീസിൽ മാറ്റംവരുത്തിയതെന്നു വ്യക്തമാക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സെൻട്രലൈസ്ഡ് വാലേപഷനുള്ള ചിലവ് മുൻപുള്ളതുപോലെയല്ല. അവിടെയിരുന്നുതന്നെ വാല്യൂ ചെയ്യണം. അതിനു ടി. എ.-യും ഡി. എ.-യും എല്ലാം കൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈപ്പൻകണ്ടക്കുടി: 12-ാം തീയതി പൊസഹാവ്യാഴാഴ്ച ആണെന്നും അതു ക്രിസ്ത്യാനികൾക്കു വളരെ പ്രധാനപ്പെട്ട ദിവസമാണെന്നും പരിഗണിച്ച് പൊസഹാവ്യാഴാഴ്ച വാലേപ്രഷനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ഒഴിവാക്കാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വെള്ളിയും ശനിയും ഞായറും ഒഴിവാക്കിയിട്ടുണ്ട്. വ്യാഴാഴ്ച ഒഴിവാക്കണമെന്ന നിവേദനം ഉണ്ടായിരുന്നില്ല.

ശ്രീ. ഈപ്പൻകണ്ടക്കുടി: നിവേദനം ഉണ്ടായിരുന്നില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഏപ്രിൽ 12-ാം തീയതി പൊസഹാവ്യാഴാഴ്ച ക്രിസ്ത്യാനികൾക്കു ഏറ്റവും പ്രധാനപ്പെട്ട ദിവസമാണെന്നുള്ളത് കണക്കിലെടുത്ത് ആ ദിവസംകൂടി ഒഴിവാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴതു വളരെ താമസിച്ചു പോയിരിക്കുന്നു എന്നാണ് എന്റെ അഭിപ്രായം. പാലാ കോളേജിൽനിന്നു തന്ന നിവേദനത്തിൽ ഈ വ്യാഴാഴ്ചയെസംബന്ധിച്ചു പറഞ്ഞിരുന്നു. പരിഗണിക്കാം.

ശ്രീ. കെ. ജെ. മാക്കോ: ഏപ്രിൽ 12-ാം തീയതി വ്യാഴാഴ്ച ഇക്കൊല്ലം യൂണിവേഴ്സിറ്റി പരീക്ഷകൾ വച്ചിട്ടുണ്ട്. സെൻട്രലൈസ്ഡ് വാലേപഷൻ വച്ചിട്ടുണ്ട്. കഴിഞ്ഞകൊല്ലവും ഇത് പൊതു ഒഴിവുദിനമാക്കണമെന്നു പറഞ്ഞുകൊണ്ട് പൈതിക മേലധ്യക്ഷൻമാരും വിവിധ പാർട്ടികളിൽപെട്ട എം. എൽ. എ. മാരും നിവേദനം നടത്തിയിട്ടും ഇന്നേവരെ പൊസഹാവ്യാഴാഴ്ച ഒഴിവുദിനമായി പ്രഖ്യാപിക്കാത്തതിന്റെ കാരണമെന്താണ് ? ഇക്കൊല്ലമെങ്കിലും പൊതു ഒഴിവായി പ്രഖ്യാപിക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പൊസഹാവ്യാഴാഴ്ച പൊതു ഒഴിവായി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നില്ല. പരീക്ഷകരെ സംബന്ധിച്ചിടത്തോളം വെള്ളിയാഴ്ചയും ശനിയാഴ്ചയും ഞായറാഴ്ചയും വിഷുവും ഒഴിവാണ്. ഇനിയും ഒഴിവുകൊടുത്താൽ വളരെയധികം താമസിക്കുമെന്നുതോന്നുന്നു.

ശ്രീ. കെ. ജെ. മാക്കോ: ഏപ്രിൽ 12-ാം തീയതി യൂണിവേഴ്സിറ്റി പരീക്ഷയുണ്ട്, സെൻട്രലൈസ്ഡ് വാലേപഷനുമുണ്ട്. പുണ്യപ്പെട്ട ഒരു ദിനമെന്ന നിലയിൽ, പ്രാർഥനയിൽ കഴിഞ്ഞുകൂടേണ്ട ഒരു ദിനമെന്ന നിലയിൽ, ഏപ്രിൽ 12-ാം തീയതി സെൻട്രലൈസ്ഡ് വാലേപഷൻ ഇല്ലാതാക്കാനും പരീക്ഷകരെ മാറ്റിവയ്ക്കാനും ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പരീക്ഷകരെ മാറ്റിവയ്ക്കുന്ന കാര്യം യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: കഴിഞ്ഞവർഷം 25 എം. എൽ. എ. മാർ ഒപ്പിട്ടു ഒരു മെമ്മോറാണ്ടം ഗവൺമെന്റിനു നൽകുകയുണ്ടായി. ക്രൈസ്തവരുടെ പുണ്യദിനമായ പൊസഹാവ്യാഴാഴ്ച പൊതു ഒഴിവുദിനമായി ഗവൺമെന്റ് പ്രഖ്യാപിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പൊതു ഒഴിവു പ്രഖ്യാപിക്കുന്ന തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല. ഇപ്പോഴേ അതിനെപ്പറ്റി പറയാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കർ: 12-ാം തീയതി വ്യാഴാഴ്ച പെസഹാ ആണെന്നുള്ളതു കൊണ്ട് അന്നു ഒഴിവു കൊടുക്കണമെന്നാവശ്യപ്പെടുന്നുണ്ട്. 16-ാം തീയതി തിങ്കളാഴ്ച അത്തവും ചതുർത്ഥിയും ഒന്നിച്ചു വരുന്നതുകൊണ്ട് അന്നുകൂടി ഒഴിവു കൊടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പുണ്യദിനങ്ങളെയെല്ലാം ഞാൻ മാനിക്കുന്നു. പക്ഷേ എല്ലാ പുണ്യദിനങ്ങളേയും ഒഴിവുദിവസങ്ങളാക്കാൻ സാധ്യമല്ല.

ശ്രീ. പി. ആർ. ഫ്റാൻസിസ്: ക്രിസ്തുവിനെ ക്രൂശിക്കുന്നതിനു മുൻപ് അപ്പം വാഴ്ത്തിക്കൊണ്ട് ഇതെന്റെ ശരീരമാണ് എന്നു പ്രഖ്യാപിച്ച ആ ദിവസം ഞങ്ങളെസംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഒരു ദിവസമാണ്. അതുകൊണ്ട് പെസഹാവ്യാഴാഴ്ച ഒഴിവാക്കുന്ന കാര്യം ഒന്നു പരിശോധിക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനു ഞാൻ ഉത്തരം പറഞ്ഞു കഴിഞ്ഞു.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രിപറഞ്ഞു, സെൻട്രലൈസ്ഡ് വാലോഷൻ എല്ലാ സജ്ജീകരണങ്ങളും ചെയ്തുകഴിഞ്ഞു എന്ന്. ഇന്നലത്തെ പത്രത്തിൽ കണ്ടു ആലുവായിൽ പേപ്പേഴ്സ് സ്ട്രീറ്റിൽ കിടക്കുന്നു എന്ന്. അങ്ങനെയുള്ള ഉത്തരക്കടലാസുകൾ വാലോഷൻ സെന്ററിൽ വരാതിരിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും പരിപാടി ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇന്നലത്തെ പത്രത്തിൽ കണ്ട വിഷയത്തെസംബന്ധിച്ച് ഇന്നു മറുപടി പറയാൻ, അതിനെസംബന്ധിച്ച് അന്വേഷണം നടത്താതെ സാധ്യമല്ല.

വിദ്യാഭ്യാസവകുപ്പിന്റെ പുന:സംഘടന

* 576 [612] ശ്രീ. സേവ്യർ അറയ്ക്കൽ:

,, ഇ. നാരായണൻ നായർ:

,, കെ. എസ്. നാരായണൻ നമ്പൂതിരി:

,, വി. ഈച്ചരൻ:

,, എൻ. ഐ. ദേവസ്സിക്കുട്ടി:

,, തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിന്റെ പുന:സംഘടനാ നിർദ്ദേശങ്ങളും ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) പുതിയ സബ്ജില്ല, ആഫീസുകൾ തുറക്കുന്നതിനും മറ്റും ആവശ്യപ്പെടുന്ന ശുപാർശകൾ നടപ്പിലാക്കാൻ താമസിക്കുന്നതിന്റെ കാരണം എന്ത്;

(സി) അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം വർദ്ധിക്കുകയും കൂടുതൽ വിദ്യാലയങ്ങൾ അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ ഇന്നത്തെ കാഫീസ് സംവിധാനം അപര്യാപ്തമാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly